**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4076** **15-07-2022 - ൽ മറുപടിയ്ക്ക്**

**കുത്തുകുഴി 5-ാം ഗ്രൂപ്പിലെ കള്ള് ഷാപ്പുകളുടെ റീ-ടെണ്ടർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം റേഞ്ചിന് കീഴിലെ കുത്തുകുഴി 5-ാം ഗ്രൂപ്പിലെ കള്ള് ഷോപ്പുകൾ ഒരു വ്യക്തി ലേലത്തിൽ എടുത്തിരുന്നുവെങ്കിലും തുടർന്ന് പ്രസ്തുത ഷോപ്പുകൾ ഏറ്റെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഷോപ്പുകൾ ലേലത്തിൽ എടുത്ത വ്യക്തി അവ തുടർന്ന് നടത്തുവാൻ താല്പര്യമില്ല എന്ന കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. പ്രസ്തുത ഷോപ്പുകൾ നടത്തുവാൻ താല്പര്യമില്ല എന്ന കാര്യം എക്സൈസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. അതിനെ തുടർന്ന് എക്സൈസ് കമ്മീഷണർ പ്രിവിലേജ് റദ്ദ് ചെയ്ത്, റെന്റൽ കണ്ടുകെട്ടി, ടി ഗ്രൂപ്പിലെ കള്ളുഷാപ്പുകൾ പുനർ വില്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഷോപ്പുകൾ ലേലത്തിലെടുത്ത കരാറുകാരൻ തുടർന്ന് അത് നടത്താതിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത ഷോപ്പുകൾ അടിയന്തിരമായി റീ-ടെണ്ടർ ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ടി കള്ളുഷാപ്പുകൾ 19/07/2022 തീയതിയിൽ വില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ